# PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

**First Session—1956.**

*Wednesday, the 29th February, 1956.*

**VOL. XVI]. OFFICIAL REPORT [No. 3**

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Wednesday, the 29th February, 1956 with Mr. Speaker in the Chair.

## QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

## ORAL ANSWERS

### കടൽവ്യവസായങ്ങളും, ചെറുകിടവ്യവസായങ്ങളും.

* 1. [1] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലില്ലായ്മ പരിഹരിക്കുക എന്നതു് കമ്മ്യൂണിറ്റി പ്രോജക്റ്റുകൾ, എൻ. ഇ. എസ്. ബ്ലോക്കുകൾ എന്നിവയുടെ ലക്ഷ്യങ്ങളിൽപ്പെട്ടതല്ലേ ;

(ബി) ചാലക്കടി–കന്നുത്തുറ പ്രോജക്റ്റിന്റെ തുടക്കത്തിൽ ഉടങ്ങിയിട്ടുള്ള കടൽവ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എവ ; ഏവിടെയെല്ലാം ;

(സി) വൈപ്പിൻകരയിൽ ഇത്തരത്തിലുള്ള ഏതെങ്കിലും വ്യവസായങ്ങൾ തുടങ്ങുന്നതിനു് ഉദ്ദേശമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടു് ;

(ഇ) പ്രോജക്റ്റിൽ ഉൾപ്പെടുത്തിട്ടുള്ള ഈ ഭാഗം തിരെ അവഗണിക്കപ്പെട്ടിരിക്കുന്നു എന്ന ആക്ഷേപം ഗവണ്മെന്റിനു ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ആക്ഷേപങ്ങളെപ്പറ്റി പരിശോധന നടത്തിയോ ;

(ജി) ആക്ഷേപങ്ങൾപരിഹരിക്കുന്നതിനു് ആവശ്യമായ സത്വര നടപടികളും ഇനിയെങ്കിലും എടുക്കുവാൻ ഗവണ്മെന്റിനു ഭാവമുണ്ടോ കമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) തൊഴിലില്ലായ്മ പരിഹരിക്കുക എന്നതു് കമ്മ്യൂണിറ്റി പ്രോജക്റ്റുകളും, എൻ. ഇ. എസ്സ്. ബ്ലോക്കുകളും എന്നിവയുടെ ലക്ഷ്യങ്ങളിൽപ്പെട്ടതാണു്.

(ബി) കുന്നത്തുനാടു്–ചാലക്കുടി പ്രോജക്റ്റിന്റെ ആകെമുഖ്യത്തിൽ തുടങ്ങിയിട്ടുള്ള കുടിൽവ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും ഇവ കൈത്തറിനെയ്ത്തു, പായ്നെയ്ത്തു, ചക്കു് ആട്ടു്, കുട്ടനിർമ്മാണം, കയർപിരി, പനമ്പുവ്യവസായം, കോഴിവളർത്തൽ, ക്ഷീരവ്യവസായം, ഇരുമ്പുപണി, മരപ്പണി, തയ്യൽ മുതലായവയാണു്. അതു് പ്രോജക്ടു് ഏരിയായിൽപ്പെട്ട സ്ഥലങ്ങളിൽതന്നെയാണു്. ഇവയ്ക്കു് ഗവണ്മെൻറിൽ നിന്നും വായ്പകളും നൽകിയിട്ടുമുണ്ടു്. സഹകരണ സംഘങ്ങളുടെ ആകെമുഖ്യത്തിലും ഈ വ്യവസായങ്ങളും പ്രോജക്റ്റ ഏരിയായിൽ പ്രവർത്തിച്ചുവരുന്നുണ്ടു്.

(സി) വൈയ്പിൻകരയിലും മേൽപറഞ്ഞ വ്യവസായങ്ങൾക്കു വേണ്ടി ധനസഹായം നൽകീട്ടുണ്ടു്. പ്രോജക്റ്റ ഏരിയായിൽ വേണ്ടത്ര വ്യവസായങ്ങളും നടത്തുകയെന്നുള്ളതാണു് ഗവണ്മെൻറിന്റെ ഉദ്ദേശം. അതുകൂടാതെ ആവശ്യമുള്ള സാങ്കേതികസഹായങ്ങളും നൽകിവരുന്നുണ്ടു്.

(ഡി) സി.യുടെ ഉത്തരംമൂലം ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ ഭാഗം അവഗണിക്കപ്പെട്ടിരിക്കുന്നു എന്ന ആക്ഷേപം ഗവണ്മെൻറിനു ഔപചാരികമായി ലഭിച്ചിട്ടില്ല. പക്ഷെ ബഹുമാനപ്പെട്ട ചോദ്യകർത്താവിന്റെ ഈ വിധത്തിലുള്ള ആക്ഷേപങ്ങളും എന്നോടു പറഞ്ഞിട്ടുണ്ടു്.

(എഫ്, ജി) ഈ ചോദ്യങ്ങളും ഉദിക്കുന്നില്ല.

ശ്രീ. കെ. സി. എബ്രഹാം : ഈ പ്രോജക്ടിൽപ്പെട്ട മറ്റു പ്രദേശങ്ങളിൽ ചെലവാക്കീട്ടുള്ളതിൽ തീരെ കുറവായിട്ടാണു് വൈയ്പിൻകരയിൽ ഇതിലേക്കു വേണ്ടി തുക ചെലവാക്കീട്ടുള്ളതെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവിടെ എന്തു തുക ചെലവാക്കി എന്നു പറയുന്നതിനു് നോട്ടീസുവേണം.

ശ്രീ. കെ. സി. എബ്രഹാം : ഉദ്ദേശം എത്ര തുക ചെലവാക്കി എന്നു പറയാൻ സാധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉദ്ദേശം പറയുവാനും ഇപ്പോൾ സാദ്ധ്യമല്ല.

ശ്രീ. കെ. സി. എബ്രഹാം : വൈയ്പിൻകരയെ സംബന്ധിച്ചിടത്തോളം അവിടത്തെ ആവശ്യങ്ങൾകൂടി നടത്തിയിട്ടില്ലാ എന്നു് പൊതുജനങ്ങൾക്കു് ആക്ഷേപം ഉള്ളതായി ഗവണ്മെൻറിനറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നോക്കാതെ പറയാൻ നിവൃത്തിയില്ല. ഈ കുന്നത്തുനാടു്–ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്ടു് ഏരിയാ തുടങ്ങിയപ്പോൾ ഒരു ചെറിയ പിശകു് പറ്റുകയുണ്ടായിട്ടുണ്ടു്. ആദ്യമായി ഈ രാജ്യത്തു് ഏർപ്പെടുത്തിയ രണ്ടു കമ്മ്യൂണിറ്റി പ്രോജക്ടുകളും കുന്നത്തുനാടു–ചാലക്കുടിയും, നെയ്യാറ്റിൻകര–വിളവ

LIBRARY ARCHIVES Kerala Legislative Assembly

ങ്കോട്ടം പ്രാജക്ട്കളാണ്. അതു തുടങ്ങിയ അവസരത്തിൽ ആ സ്ഥല ങ്ങൾക്ക സമീപമുള്ള അനേകം വില്ലേജുകൾകൂടി ഈ പ്രാജക്ട്കളുടെ പരിധിയിൽ പെടുത്തണം എന്ന നിർബന്ധമായി ആവശ്യപ്പെട്ടതനുസ രിച്ച് അപ്രകാരം ഉൾപ്പെടുത്തിയതുമൂലം ഈ രണ്ടു പ്രാജക്ട്കളും ശരിക്കു നടത്താൻ സാധിക്കാത്ത തരത്തിൽ കൂടുതൽ വിസ്തീർണ്ണമുള്ള പ്രദേ ശങ്ങൾ ഇവയിൽ ഉൾപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അവ ടങ്ങളിൽ ചില പ്പോൾ പ്രവർത്തനങ്ങൾക്കു കുറവു വരാൻ ഇടയുണ്ടായിരിക്കും. ബഹുമാ നപ്പെട്ട മെമ്പർ പറഞ്ഞ വൈയ്പിൻകരയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ എൻ. ഇ. എസ്. ബ്ലോക്കുകൾ ആരംഭിക്കുന്ന അവസരത്തിൽ ആ പ്രദേശംകൂടി പരിഗണിക്കപ്പെടുന്നതാണ്.

ശ്രീ. ജെ. എ. ട്ടേ : ഈ. പ്രാജക്ട് ഏരിയായിൽപ്പെട്ട എല്ലാ സ്ഥലങ്ങളിലും പ്രവർത്തനം ഒരുപോലെ നടത്തണമെന്നുള്ളതല്ലേ ഗവണ്മെ ൻറിന്റെ ഉദ്ദേശം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : ഈ വൈയ്പിൻകരയിൽ വ്യവ സായങ്ങൾ തുടങ്ങുന്നതിന വ്യക്തികൾക്ക് വായ്പകൾ അനുവദിച്ചി ട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വ്യക്തികൾക്കും വായ്പ കൾ അനുവദിച്ചിട്ടുണ്ട്. സഹകരണസംഘങ്ങൾ മുഖേനയും വ്യവസായ ങ്ങൾ നടത്തുന്നുണ്ട്.

ശ്രീ. പി. ആർ. മാധവൻപിള്ള : സഹകരണസംഘങ്ങൾ മുഖേന ഏതെല്ലാം വ്യവസായങ്ങൾ നടത്തുന്നുണ്ട് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സഹകരണസംഘങ്ങൾ മുഖേനയും രണ്ടുമൂന്നു വ്യവസായങ്ങൾ നടത്തുന്നുണ്ട്. അതായതു്, മരം കൊണ്ടുള്ള വ്യവസായങ്ങൾ, പനമ്പു വ്യവസായം, ഇരുമ്പുവ്യവസായം എന്നിങ്ങനെയുള്ള വ്യവസായങ്ങളാണ്.

ശ്രീ. പി. ആർ. മാധവൻപിള്ള : ഈ സഹകരണസംഘങ്ങൾക്ക് ഗ്രാൻറ് കൊടുത്തു സഹായിക്കുകയാണോ അതോ നേരിട്ടു നടത്തുക യാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സഹകരണസംഘങ്ങളുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ്.

ശ്രീ. കെ. സി. ജോർജ്ജ് : ചാലക്കുടി-കുന്നത്തുനാട് പ്രാജക്ടിൽ നടത്തുന്ന പ്രവർത്തനങ്ങൾ മറ്റുള്ള പ്രാജക്ട് ഏരിയായിൽ കൂടി നടത്തു ന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇവിടെ വേറെ ഒരു പ്രാജക്ടുള്ളതു് നെയ്യാറിൻകര-വിളവങ്കോട് കമ്മ്യൂണിറ്റി പ്രാജ ക്ടാണ്. അവിടെയും ഇതുപോലെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : ഈ പ്രാജക്ടിലെ ഏരിയായിൽപ്പെട്ട സ്ഥലങ്ങളിലെ ജനപ്രതിനിധികൾ ആ പ്രാജക്ടുകളിലെ അഡൈ സറി കൗൺസിലിലെ അംഗങ്ങളല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെന്നാണെ എന്റെ ഓർമ്മ; അതെ.

കയർ വ്യവസായം.

* 2. [2] ശ്രീ. കെ. സി. ഏബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർബോർഡിന്റെ പ്രവർത്തനം മൂലം കയർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി അഭിവൃദ്ധിപ്പെട്ടിട്ടുണ്ടോ ;

(ബി) കയർ വ്യവസായത്തിന്റെ വികസനത്തിൽ ഏതേതു നടപടികളാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഡൽഹിയിൽ നടത്തപ്പെട്ട അഖിലേന്ത്യാ വ്യവസായ പ്രദർശനത്തിനു നമ്മുടെ ഗവണ്മെന്റിനു എന്തു ചെലവായിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ, ബി) കയർബോർഡ് കേന്ദ്രഗവണ്മെന്റു സ്ഥാപനമാണ്. അതുകൊണ്ട് അതെ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങൾ ഈ ഗവണ്മെന്റിന്റെ കൈവശമില്ല.

(സി) ഡൽഹിയിൽ നടത്തപ്പെട്ട അഖിലേൻഡ്യാ വ്യവസായ പ്രദർശനത്തിനു നമ്മുടെ ഗവണ്മെന്റിനു നാലായിരം രൂപ ചെലവായിട്ടുണ്ട്.

ശ്രീ. കെ. സി. ഏബ്രഹാം : ഈ നാട്ടിലെ കയർവ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി മാത്രമാണോ ഈ തുക ചെലവാക്കി അവിടെ പ്രദർശനം നടത്തിയത്?

ശ്രീ. എ. എ. റഹീം: കയർഉൽപ്പന്നങ്ങളും മറ്റ് ഹാൻഡിക്രാഫ്റ്റു സാധനങ്ങളും അതായത് മരസാധനങ്ങൾ, ദന്തസാമാനങ്ങൾ കൊത്തുപണികൾ ഇവയും അവിടെ പ്രദർശിപ്പിക്കപ്പെട്ടു

ശ്രീ. കെ. സി. ഏബ്രഹാം : ഇതിലേക്ക് ഗവണ്മെന്റിൽ നിന്നും എതെങ്കിലും ഗ്രാന്റു നൽകുകയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം : അതിനുപ്രത്യേകം ചോദ്യം വേണം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ഈ കയർ ബോർഡിന്റെ പ്രവർത്തനത്തെസംബന്ധിച്ചുള്ള റിപ്പോർട്ട് ഗവണ്മെന്റിനു കിട്ടുന്നില്ലേ?

ശ്രീ. എ. എ. റഹീം: ഉണ്ട്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആ റിപ്പോർട്ട് പരിശോധിച്ചാൽ നമുക്ക് കയർ ബോർഡിന്റെ പ്രവർത്തനം കൊണ്ട് കയർ വ്യവസായത്തിനു എന്തെങ്കിലും ഗുണം ഉണ്ടായിട്ടുണ്ടോ എന്നുള്ളതു് അറിയാൻ കഴിയുകയില്ലേ ?

ശ്രീ. എ. എ. റഹീം: കയർബോർഡ് സ്ഥാപിതമായതിനുശേഷം കയർ വ്യവസായത്തിനു അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. അതിലേക്ക് കഴിഞ്ഞ 1951 മുതൽ 1955 വരെ ആലപ്പുഴയിൽനിന്നും കൊച്ചിയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly